പുതിയ ബസ് സ്റ്റേഷനുകൾ

606 (865) ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെ. എസ്. ആർ. ടി. സി. വക എത്ര ട്രാൻസ്പോർട്ടു ബസ് സ്റ്റേഷൻ സംസ്ഥാനത്ത് പുതിയതായി ഉൽഘാടനം ചെയ്തു; അവ ഏതെല്ലാം;

(ബി) പുതിയ ബസ് സ്റ്റേഷൻ ഇക്കൊല്ലം എവിടെയെല്ലാം പണിയാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1978-ൽ 4 സബ് ഡിപ്പോകളും 12 സ്റ്റേഷൻ മാസ്റ്റർ ആഫീസുകളും ഉൽഘാടനം ചെയ്തു. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാട്ടാക്കട, വൈക്കം എന്നീ സ്ഥലങ്ങളിൽ സബ് ഡിപ്പോ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

ഏറ്റുമാനൂർ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ

607 [866] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഏറ്റുമാനൂരിൽ ഒരു പുതിയ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ പണിയുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഏറ്റുമാനൂരിൽ ഒരു ബസ്സ്റ്റേഷൻ പണിയുന്നതിന് കോർപ്പറേഷന് ഇപ്പോൾ പദ്ധതിയൊന്നുമില്ല.

റെഡ്ഡ്യാർ സമുദായത്തിൽ പെട്ടവരെ ഗിരിവർഗ്ഗക്കാരെന്ന് തഹസിൽദാർ നൽകിയ സർട്ടിഫിക്കറ്റ്

608 [868] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ ഗിരിവർഗ്ഗക്കാരായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റെഡ്ഡ്യാർ സമുദായത്തിൽ പെട്ട ചിലർ ഈ സംസ്ഥാനത്തിലെ ഗിരിവർഗ്ഗക്കാരാണെന്ന് ഏതെങ്കിലും തഹസിൽദാർ സർട്ടിഫിക്കറ്റു നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തഹസിൽദാരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) അതിനെതിരായി ശിക്ഷണനടപടികൾ എടുക്കുമോ?

---

*അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

ക്രമനമ്പർ	ഡിപ്പോയുടെ പേര്	കൊടുത്തിട്ടുള്ള ബസ്സുകളുടെ എണ്ണം
22.	തൃശ്ശൂർ	21
23.	പൊന്നാനി	3
24.	പെരിന്തൽമണ്ണ	5
25.	ഗുരുവായൂർ	8
26.	പാലക്കാട്	14
27.	കോഴിക്കോട്	48
28.	സുൽത്താൻബത്തേരി	9
29.	പയ്യന്നൂർ	10
30.	ചേർത്തല	4
31.	ചാലക്കുടി	5
32.	പൊൻകുന്നം	8
33.	പെരുമ്പാവൂർ	10
34.	കണ്ണൂർ	10
	ആകെ	418

അനുബന്ധം V

5.8.1979 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 606 [865] കാണുക:

1978-ൽ ആരംഭിച്ച സബ് ഡിപ്പോകൾ

1.	ചാലക്കുടി	12.2.1978
2.	പെരുമ്പാവൂർ	17.4.1978
3.	പൊന്നാനി	31.8.1978
4.	പെരിന്തൽമണ്ണ	18.11.1978

1978-ൽ ആരംഭിച്ച സ്റ്റേഷൻ മാസ്റ്റർ ആഫീസുകൾ

1.	കുറ്റ്യാടി	16.1.1978
2.	തലശ്ശേരി	18.2.1978
3.	കരുനാഗപ്പള്ളി	28.2.1978
4.	താമരശ്ശേരി	3.3.1978
5.	കൽപ്പറ്റ	20.3.1978
6.	കൂത്താട്ടുകുളം	17.4.1978
7.	എടത്വാ	18.4.1978
8.	കോഴഞ്ചേരി	15.5.1978
9.	സുൽത്താൻബത്തേരി	23.5.1978
10.	കിളിമാനൂർ	1.6.1978
11.	കോതമംഗലം	14.8.1978
12.	നിലമ്പൂർ	18.11.1978

LIBRARY ARCHIVES Kerala Legislative Assembly